LIBRARY ARCHIVES Kerala Legislative Assembly

യാചക പുനരധിവാസ കേന്ദ്രങ്ങൾ

291 (1664) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര യാചക പുനരധിവാസ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു ;

(ബി) അവയ്ക്കുള്ള ഗ്രാന്റിന്റെ വിതരണത്തിൽ കുടിശ്ശികയുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(സി) കുടിശ്ശികഗ്രാന്റ് വിതരണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകിയിട്ടുള്ള 10 യാചക പുനരധിവാസ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

(ബി) ഉണ്ട്. 22,26,000 രൂപ ഗ്രാന്റ് ഇനത്തിൽ കുടിശ്ശികയായി നൽകാനുണ്ട്.

(സി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശിക വിതരണം ചെയ്യുന്നതാണ്.

വൃദ്ധസദനങ്ങൾ എൻ.ജി.ഒ. മാരെക്കൊണ്ട് നടത്തുന്നതിന് നടപടി

292 (1665) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള 14 ജില്ലകളിലെ വൃദ്ധസദനങ്ങൾ എൻ.ജി.ഒ. മാരെക്കൊണ്ട് നടത്തുന്നതിന് പരിഗണിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ വിശദാംശം അറിയിക്കാമോ ?

ഉത്തരം

(എ & ബി) ഇല്ല. സംസ്ഥാനത്തെ 14 ജില്ലകളിലും സന്നദ്ധ സംഘടനകളുടെ പങ്കാളിത്തത്തോടെ പുതുതായി വൃദ്ധസദനങ്ങൾ ആരംഭിക്കുന്നതിന് 2014-15 സാമ്പത്തിക വർഷം ഭരണാനുമതിയും തുകയും അനുവദിച്ചു നൽകിയിരുന്നെങ്കിലും പദ്ധതി നടപ്പിലാക്കാൻ കഴിയാതിരുന്നതിനാൽ ഭരണാനുമതി 2015-16 സാമ്പത്തിക വർഷത്തേയ്ക്ക് ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.